രാമമംഗലംഗ്രാമപഞ്ചായത്ത്

# കിഴുമുറി ഗവ.എൽ.പി.സ്കൂൾ

കിഴുമുറി പോസ്റ്റ്

പിറവം ഉപജില്ല

എറണാകുളം - 686663

ഫോൺ - 04852277440

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26 അധ്യയനവർഷം

# ആമുഖം

രാമമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ സ്ഥിതിചെയ്യുന്ന ഏക പൊതുവിദ്യാലയമാണ് കിഴുമുറി ഗവ.എൽ.പി.സ്കൂൾ. ഒരു ശതാബ്ദക്കാലത്തിലേറെയായി നാടിന് അക്ഷരവെളിച്ചം പകർന്നു നൽകുന്ന ഈ പൊതു വിദ്യാലയത്തിൽ നിന്നും നിരവധിപേർ മികവ് തെളിയിച്ച് ജീവിതം നയിച്ച് വരുന്നു.

പിറവം വിദ്യാഭ്യാസഉപജില്ലയിൽപ്പെട്ട ഈ സ്കൂൾ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായി ഈ നാടിന് വെളിച്ചം പകർന്ന് മികച്ച ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു. വിദ്യാലയവികസനസമിതി, പി.ടി.എ., ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, പൂർവവിദ്യാർത്ഥികൾ, അദ്ധ്യാപകർ, നാട്ടുകാർ, വിവിധ രാഷ്ട്രീയസാംസ്കാരിക സംഘടനകൾ, സ്കൂൾ വികസന സമിതി എന്നിവരുടെ ശക്തമായ പിന്തുണയും നേതൃത്വപരമായ ഇടപെടലുമാണ് ഈ വളർച്ചക്ക് സഹായകമായി മാറിയത്.

## ലക്ഷ്യങ്ങൾ

1. വിദ്യാലയാന്തരീക്ഷം ആസ്വാദ്യകരമാക്കുക.

2. സ്കൂൾ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

3. വിദ്യാർത്ഥികൾക്ക് കല,കായിക,പ്രവർത്തിപരിചയപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

4. പഠനപിന്തുണ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക.

5. വിദ്യാർത്ഥികൾ-അധ്യാപകർ-സമൂഹം ഇവർ തമ്മിൽത്തമ്മിലും പരസ്പരവും ഉള്ള ബന്ധങ്ങൾ ഊഷ്മളമാക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

# അവസ്ഥപഠനം - കണ്ടെത്തലുകൾ

## ഭാഷ

ഭാഷ പഠനത്തിലെ പിന്നോക്കാവസ്ഥ മനസ്സിലാക്കിയതിനെ തുടർന്ന് കഴിഞ്ഞ അധ്യയനവർഷത്തിൽ 'ഹരിശ്രീ' എന്ന പഠനപരിപോഷണ പദ്ധതി തുടർന്നുപോന്നു. അത് ഒരു പരിധി വരെ പ്രയോജനം ചെയ്തു . ലേഖനത്തിലും ഭാഷണത്തിലും ചില കുട്ടികൾ പിന്നോക്കാവസ്ഥയിലാണ്. ഉച്ചാരണവൈകല്യങ്ങളും ചിലർക്കുണ്ട്. അതുകൊണ്ട് ഹരിശ്രീ, വളരുന്ന ലൈബ്രറി എന്നീ പ്രവർത്തനങ്ങൾ തുടരാനും ക്ലാസ് ലൈബ്രറികളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ENGLISH

**Most of the students in our school are very poor in English, because they have no enough chance to use English in their day to day life. Therefore last year, we introduce the programme 'Little English' for better use of English. We decided to continue Little English in this year.**

## ഗണിതം

ഗണിതപഠനത്തിലെ പ്രതിസന്ധികൾ ചില കുട്ടികളുടെ പഠനനേട്ടങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. ഗണിതബോധനരീതികൾ ആകർഷകമാക്കി പ്രശ്നം പരിഹരിക്കേണ്ടിയിരിക്കുന്നു. ഉല്ലാസഗണിതം, ഗണിതവിജയം ഇവയിലൂടെ ഗണിതപഠനം രസകരമാക്കാം.

## പരിസരപഠനം

കുട്ടികൾക്ക് ശാസ്ത്രത്തോട് അഭിരുചി വർധിപ്പിക്കുന്നതിനായി ശാസ്ത്ര ക്ലബ്ബിന്റെ ഭാഗമായി കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ അത്തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

# വിദ്യാലയ കർമ്മ പദ്ധതി - 2025-26

1. SRG യുടെ നേതൃത്വത്തിൽ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും കൂട്ടായ പ്രവർത്തനത്തിലൂടെ മുന്നോട്ട് പോകുകയും കൃത്യമായ വിലയിരുത്തലുകൾ നടത്തുകയും ചെയ്യുക.

2. പഠനോപകരണങ്ങളുടെയും സാങ്കേതിക വിദ്യയുടെയും സഹായത്താൽ പഠനം മികവുറ്റതാക്കുക.

3. പഠനാനുബന്ധപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം (ഹരിശ്രീ, Little Engish, Little Teacher.................), അവധി ദിവസങ്ങളിൽ ശില്പശാലകൾ

4. അധ്യാപക രക്ഷകർത്തൃബന്ധം ഊഷ്മളമാക്കുക. കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

5. ക്ലാസ് ലൈബ്രറികളുടെ ഫലപ്രദമായ ഉപയോഗം.

6. യഥാസമയങ്ങളിൽ കളികളിൽ ഏർപ്പെടുവാനുള്ള അവസരങ്ങൾ നൽകുക.

7. കല,കായിക,പ്രവർത്തിപരിചയ പരിശീലനക്കളരികൾ നടത്തുക.

8. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്കിണങ്ങുന്ന പരിപാടികൾ സംഘടിപ്പിക്കുക.

9. ദിവസേന അസ്സംബ്ലിയിൽ വാർത്താവതരണവും വ്യായാമവും.

10. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം.

11. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

12. സാമൂഹിക സാംസ്കാരിക സംഘടനകളുടെയും, പൂർവ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ സ്കൂൾ വികസനപ്രവർത്തനങ്ങൾ നടത്തുക.

==============================================================================